**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ.കളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ഇല്ലാത്ത ഏക ജില്ലയായ വയനാട്ടിലെ ഏതെങ്കിലും ഐ.ടി.ഐ. -യെ ഒന്നാം ഗ്രേഡ് ആക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) | വയനാട് ജില്ലയിലെ കൽപ്പറ്റ ഐ.ടി.ഐ.യെ ഒന്നാം ഗ്രേഡായി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത ഏതെങ്കിലും ഐ.ടി.ഐ.കൾ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വയനാട് ജില്ലയിൽ നെന്മേനി (വനിത) ഐ.ടി.ഐ.ക്ക് കെട്ടിട നിർമ്മാണത്തിനായി ഭൂമി ലഭ്യമായിട്ടില്ല. നെന്മേനി ഐ.ടി.ഐ.ക്കായി ഗ്രാമ പഞ്ചായത്ത് കണ്ടെത്തിയിരുന്ന സ്ഥലം കെട്ടിട നിർമ്മാണത്തിനു യോഗ്യമല്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. തുടർന്ന് നെന്മേനി പഞ്ചായത്തിൽ ചീരാൻ വില്ലേജിൽ റവന്യൂ വകുപ്പിന്റെ കീഴിൽ സ്ഥലം ലഭ്യമാണെന്ന വിവരം ഗ്രാമപഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ, ടി ജില്ലയിൽ പ്രവർത്തിക്കുന്ന വെള്ളമുണ്ട ഐ.ടി.ഐക്ക് കെട്ടിട നിർമ്മാണത്തിന് 1.21 ഏക്കർ ഭൂമി ജനകീയ സമിതി വാങ്ങി നൽകിയിട്ടുണ്ട്. ആയതിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |
| (സി) | വയനാട് ജില്ലയിലെ ഐ.ടി.ഐ.കളിൽ ആദിവാസി/പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ശുപാർശ ലഭ്യമാവുന്ന മുറയ്ക്ക് പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ